DESPATCHED
On.10/2/22

31/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.305(4)/2018 /*എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം. 1185/*എസ്.ഐ.സി–ജി2/2018* )**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി:31.01.2022**

ശ്രീ. പി.ജെ.ചാക്കോ,
കൊച്ചുപുളിക്കൽ വീട്,
ഏറ്റുമാനൂർ. — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ
   ഏറ്റുമാനൂർ നഗരസഭ. — എതിർകക്ഷികൾ
2. അപ്പീൽ അധികാരി & മുനിസിപ്പൽ സെക്രട്ടറി,
   ഏറ്റുമാനൂർ നഗരസഭ,
   ഏറ്റുമാനൂർ.പി.ഒ,
   കോട്ടയം.

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 07.11.2017 ൽ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ ഏറ്റുമാനൂർ മുനിസിപ്പാലിറ്റി മൂന്നാം വാർഡിൽ മഴക്കാലപൂർവ്വ ശുചീകരണത്തിന് അനുവദിച്ച ഫണ്ടു സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ലായെന്നതാണ് പരാതി.

2) ഇതുമായി ബന്ധപ്പെട്ട് 17.10.2019 ൽ കമ്മീഷൻ കോട്ടയം ജില്ലാ പഞ്ചായത്ത് ആഫീസിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി. അപ്പീൽ ഹർജിക്കാരന് കൃത്യമായി വിവരങ്ങൾ നൽകിയിരുന്നതായി ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു.

3) ഒന്നാം എതിർകക്ഷിയുടെ മൊഴിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചു. അപ്പീൽ ഹർജിക്കാരന് കൃത്യമായ മറുപടി നൽകിയതായി കമ്മീഷൻ

നിരീക്ഷിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 31.01.2022 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

V.I